## പതിനാലാം കേരളനിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T. 1732** | **31.01.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## കറ്റാനം മാമ്പുകുളം വാട്ടർ സ്റ്റേഡിയത്തിന്റെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി. യു. പ്രതിഭ ഹരി** | **ഡോ.കെ.ടി ജലീൽ**<br>**(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| എ) കായംകുളം മണ്ഡലത്തിൽ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ മുൻ എം.എൽ.എ.യുടെ പ്രത്യേക വികസനനിധി വിനിയോഗിച്ച് നിർമ്മിക്കുന്ന കറ്റാനം മാമ്പുകുളം വാട്ടർ സ്റ്റേഡിയത്തിന്റെ നിർമ്മാണം കരാറുകാരൻ പാതിവഴിയിൽ ഉപേക്ഷിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഇതിന്റെ കാരണം എന്തെന്നും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്നും വിശദമാക്കാമോ? | ബി) പാർട്ട് ബിൽ തുക നൽകിയ ശേഷം കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ രജിസ്റ്റേർഡ് തപാൽ മുഖേന നിരവധി കത്തുകൾ അയച്ചിരുന്നുവെങ്കിലും കൈപ്പറ്റാതെ മടങ്ങുകയാണുണ്ടായത്. പ്രസ്തുത കരാറുകാരനെ ഒഴിവാക്കി അയാളുടെ നഷ്ടോത്തരവാദിത്വത്തിൽ അവശേഷിക്കുന്ന പ്രവൃത്തി നിർവ്വഹണം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ